ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001

സെപ്തംബര് 22, 2017

**ജാഗൃതി സഹകരണ അർബൻ ബാങ്കിന് (ഹൈദരാബാദ്, തെലങ്കാന) പിഴ ചുമത്തിയിരിക്കുന്നു.**

ഡയറക്ടർമാർക്കും അവരുടെ ബന്ധുക്കൾക്കും വായ്പ നൽകിയപ്പോൾ ഈ വിഷയങ്ങളിൽ ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ ലംഘിച്ചതിനാൽ 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം (സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമായത്) 47 എ(1) (ബി), 46(4) എന്നീ വകുപ്പുകൾ പ്രകാരം ഭാരതീയ റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ജാഗൃതി സഹകരണ അർബൻ ബാങ്കിന് **(**ഹൈദരാബാദ്, തെലങ്കാന**)** അൻപതിനായിരം രൂപയുടെ പിഴ ചുമത്തിയിരിക്കുന്നു.

ഭാരതീയ റിസർവ് ബാങ്ക് നൽകിയ കാരണംകാണിക്കൽ നോട്ടീസിന് ബാങ്ക് എഴുതിതയ്യാറാക്കിയ മറുപടിയിലൂടെ വിശദീകരണം നൽകുകയുണ്ടായി. ഈ വിഷയത്തിന് ആസ്പദമായ എല്ലാ വസ്തുതകളും ബാങ്കിന്റെ മറുപടിയും കൂലംകക്ഷമായി പരിശോധിച്ചതിനുശേഷം ബാങ്ക് നിർദ്ദേശങ്ങൾ ലംഘിച്ചു എന്ന് ഉറപ്പുവരുത്തുകയും അതിനാൽ പിഴ ചുമത്തേണ്ടതാണ് എന്ന നിഗമനത്തിൽ ഭാരതീയ റിസർവ് ബാങ്ക് എത്തുകയും ചെയ്തു.

അജിത്പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന : 2017-2018/**816**